# നീരയുടെ കാര്യത്തിൽ വീണ്ടും വിലങ്ങ്:

## നാളികേര കർഷകരോട് എന്തിനീ ദ്രോഹം

**ടി. ജി**



സംസ്ഥാനത്ത് അപേക്ഷിക്കുന്ന എല്ലാവർക്കും നീര ഉത്പാദിപ്പിക്കുവാനുള്ള ലൈസൻസ് നൽകുമെന്ന കൃഷി, എക്സൈസ് മന്ത്രിമാരുടെ പ്രഖ്യാപനം പ്രത്യക്ഷത്തിൽ നീര ഉത്പാദനത്തിന് പച്ചക്കൊടികാട്ടി എന്നതൊഴിച്ചാൽ പ്രായോഗികത കുറവ്. കർഷകർക്കുള്ള തുക എങ്ങനെ എപ്പോൾ നൽകുമെന്നതിനേക്കുറിച്ച് ഒരു തീരുമാനവും യോഗത്തിലുണ്ടായില്ല. അതായത് കഴിഞ്ഞ ബജറ്റിലെ 15 കോടിയുടെ വഴിയേതന്നെയാണ് ഈ 30 കോടിയും നീങ്ങുന്നതെന്നർഥം.

മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗമാണ് തീരുമാനമെടുത്തത്. നീരഉത്പാദനവുമായി ബന്ധപ്പെട്ട് എക്സൈസ്, കൃഷി മന്ത്രിമാർതമ്മിലുള്ള തർക്കം തീർന്നെന്നതൊഴിച്ചാൽ കർഷകർക്ക് ഈ തീരുമാനം കാര്യമായ പ്രയോജനം ചെയ്യില്ലന്ന് അവർതന്നെ പറയുന്നു. കൃഷി വകുപ്പിനു കീഴിൽ രൂപീകരിക്കുന്ന കേര- നീര ബോർഡിനു നീരഉത്പാദനത്തിന്റെ പൂർണ നിയന്ത്രണം കൊടുത്തു. നീരചെത്തുന്ന തെങ്ങിനു നമ്പരിടുന്നതിനും ലൈസൻസ് നൽകുന്നതിനും ഉള്ള അധികാരം എക്സൈസ് വകുപ്പിനു നൽകി. എന്തിനാണ് നീരയുടെ പേരിൽ രണ്ടുവകുപ്പുകൾ തമ്മിൽ ഈ വടംവലി നടത്തുന്നത് എന്നതാണ് കർഷകർക്കു മനസിലാകാത്തത്. കേരളത്തിൽ നീര ഉത്പാദിപ്പിച്ച് കേരകർഷകനു നന്മ വരുത്തണമെന്ന കൃഷി, എക്സൈസ് മന്ത്രിമാരുടെ അതിയായ ആഗ്രഹമാണ് ഇതിനു പിന്നിൽ എന്ന് ഏതായാലും പറയാനാവില്ല. നീരചെത്തുന്ന തെങ്ങിനു നമ്പരിട്ടതുകൊണ്ട് എക്സൈസ് വകുപ്പിന് മോക്ഷം ലഭിക്കാനുമല്ല. കേരളത്തിൽ നീരയുത്പാദിപ്പിക്കുന്നത് താനറിഞ്ഞുമതി എന്നു കൃഷി മന്ത്രി ശഠിക്കുന്നത് നല്ല നീര ജനങ്ങൾക്കു ലഭ്യമാകണമെന്ന നല്ല മനസുകൊണ്ടാണെന്നു പറയാനും വയ്യ. അങ്ങനെയൊന്നുണ്ടായിരുന്നെങ്കിൽ കൃഷിവകുപ്പു നാളികേരകർഷകരുടെ രക്ഷക്കായി പുനരുജ്ജീവിപ്പിച്ച നാളികേര വികസന കോർപ്പറേഷൻ മാനുഫാക്ചറിംഗ്, എക്സ്പേറി ഡേറ്റുകൾ പോലുമില്ലാതെ നീര മാർക്കെറ്റിൽ എത്തിക്കില്ലായിരുന്നു. നാളികേര വികസന ബോർഡിനു കീഴിൽ കർഷകർ ഉത്പാദിപ്പിക്കുന്ന ഗുണനിലവാരമുള്ള നീരയുടെ പേരു കൂടി കളഞ്ഞു കോർപ്പറേഷന്റെ ഈ പുളിച്ച നീര എന്നു കർഷകർതന്നെ പറയുന്നു. ലക്ഷക്കണക്കിനു കർഷകർ അംഗമായ നാളികേര വികസന ബോർഡിനു കീഴിൽ കേര ഉത്പന്ന നിർമാണത്തിനായി കർഷകർ സുസജ്ജരായി നിൽക്കുമ്പോൾ ഒരു ചെയർമാനും സെക്രട്ടറിയും മാത്രമുള്ള കോർപ്പറേഷനേയും പൊക്കിപ്പിടിച്ചുകൊണ്ട് കൃഷി വകുപ്പുവരുന്നത് കർഷക നന്മ ലക്ഷ്യംവച്ചാണെന്നു പ

റയാനും വയ്യ.

### എന്തിനാണ് ഈ കേരകർഷക സ്നേഹം?

നാലഞ്ചു വർഷം മുമ്പ് ആരും തിരിഞ്ഞുനോക്കാനില്ലാഞ്ഞ കേര മേഖലയിലേക്ക് ഇന്ന് സർക്കാർ വകുപ്പുകൾ ഇരച്ചു കയറുകയാണ്. എന്തുകൊണ്ടാണ് ശർക്കരക്കുടത്തിൽ ഈച്ചപൊതിയുന്നതുപോലെ നീരയുടെ പിന്നാലെ വകുപ്പുകൾ പായുന്നത്. സ്വന്തം സംസ്ഥാനത്തിന്റെ വിളകളേയും അവയുടെ സാധ്യതകളേയും തിരിച്ചറിയാനുള്ള കഴിവാണ് ഭരണാധികാരികൾക്കുവേണ്ടത്. അല്ലെങ്കിൽ അങ്ങനെ തിരിച്ചറിയാൻ കഴിവുള്ള ഉദ്യോഗസ്ഥരെ കൂടെക്കൂട്ടണം. ഇതൊന്നും ചെയ്യാൻ സാധിച്ചില്ലെന്നു മാത്രമല്ല, കേന്ദ്രസർക്കാർ സ്ഥാപനമായ നാളികേരവികസന ബോർഡിന്റെ ചെയർമാനായ ടി.കെ. ജോസ് ഐഎഎസ് ഉണ്ടാക്കിക്കൊണ്ടുവന്ന കേരകർഷകരുടെ ത്രിതല സംവിധാനത്തെ തകർക്കുന്ന രീതിയിലുമാണ് സംസ്ഥാന സർക്കാർ തീരുമാനങ്ങൾ വരുന്നത്. നിലവിൽ കേരസൊസൈറ്റികൾ, ഫെഡറേഷൻ, കമ്പനി എന്നിവ രൂപീകരിച്ച് നീരയും മൂല്യവർധിത നാളികേരഉത്പന്നങ്ങളും നിർമിക്കാൻ സജ്ജരാണ് കർഷകർ. ഇങ്ങനെ ഒരു സംവിധാനം വന്നപ്പോഴാണ് നാളികേരത്തിന്റെ സാധ്യതകൾ സംസ്ഥാന ഭരണക്കാർ മനസിലാക്കുന്നത്. പിന്നെ അതിനെ എങ്ങനെയെങ്കിലും വരുതിയിലാക്കാനുള്ള ശ്രമങ്ങളായി. തമ്മിത്തല്ല്, പോര് പതിവു പരിപാടികൾ. ഒടുവിൽ രണ്ടു വകുപ്പുകളും നീരയ്ക്കുമോക്ഷം നൽകാൻ കൈകോർത്തു. കേരത്തെക്കുറിച്ചും കേരകർഷകരെക്കുറിച്ചും എന്തെങ്കിലും ധാരണയുണ്ടായിരുന്നെങ്കിൽ ഈ വകുപ്പുകാർക്ക് ഈ കർഷകർക്കുവേണ്ടി ഒരു ബജറ്റ് പ്രപ്പോസലെങ്കിലും നൽകാമായിരുന്നു. അതുണ്ടായില്ലെന്നു മാത്രമല്ല, കേരകർഷകർക്കു വേണ്ടി നാളികേര വികസനബോർഡ് പ്രപ്പോസൽ നൽകി അംഗീകരിപ്പിച്ച 30 കോടിയുടെ വിനിയോഗം എങ്ങനെയെങ്കിലും തങ്ങളുടെ വകുപ്പുകൾ വഴിയാക്കാനുള്ള ശ്രമമാണ് ഈ കടിപിടുത്തത്തിനു പിന്നിൽ എന്ന് കർഷകർ പറഞ്ഞാൽ അവരെ തെറ്റു പറയാനാവില്ല. പുതിയ തീരുമാനപ്രകാരം 10 കോടി രൂപ ബോർഡിനു കീഴിലെ കമ്പനികൾക്കും 12 കോടി നീര ടെക്നീഷൻ പരിശീലനത്തിനും നൽകുമെന്നാണ് പറഞ്ഞിരിക്കുന്നത്. ബാക്കി എട്ടു കോടി കൃഷി വകുപ്പിനുകിട്ടി. അത് എങ്ങനെ വിനിയൊഗിക്കുമെന്ന് പറഞ്ഞിട്ടുമില്ല. കഴിഞ്ഞബജറ്റുകളിൽ നാളികേര കർഷകർക്കായി നടത്തിയ പ്രഖ്യപനങ്ങളിൽ ഒന്നുപോലും ലക്ഷ്യത്തിലെത്തിക്കാനാവാത്ത കൃഷി വകുപ്പിൽ നിന്ന് ഒരു നന്മ തങ്ങൾക്കു വരുമെന്നു പ്രതീക്ഷിക്കാൻ അത്ര മണ്ടരല്ല, സംഘടിതരായ നാളികേര കർഷകർ. കഴിഞ്ഞബജറ്റിൽ കേരകർഷകർക്കായി നീക്കി

> **നാലഞ്ചു വർഷം മുമ്പ് ആരും തിരിഞ്ഞുനോക്കാനില്ലാഞ്ഞ കേരമേഖലയിലേക്ക് ഇന്ന് സർക്കാർ വകുപ്പുകൾ ഇരച്ചു കയറുകയാണ്.**

വച്ച 15 കോടി ഉൾപ്പെടെ ഫണ്ടുകൾ അംഗീകരിച്ചു നൽകേണ്ടിയിരുന്നത് കൃഷിവകുപ്പാണ്. അതു നൽകാതെ തുകലാപ്സാക്കി കർഷകരെ ദ്രോഹിക്കുകമാത്രമാണ് കൃഷിവകുപ്പ് ചെയ്യുന്നതെന്ന ആരോപണം ശക്തമാണ്. 2014 ജൂൺ 30ന് അന്ന് ധനവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായിരുന്ന വി. സോമസുന്ദരത്തിന്റെ അധ്യക്ഷതയിൽ സ്പെഷൽ വർക്കിംഗ് ഗ്രൂപ്പ് യോഗം കൂടിയിരുന്നു. ബജറ്റിൽ കേര കർഷകർക്ക് നീക്കി വച്ചിരുന്ന 15 കോടി വിനിയോഗിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ഇവർ നൽകി. കൃഷിവകുപ്പ് ഭരണാനുമതി നൽകിയിരുന്നെങ്കിൽ ഈ തുക കൃഷിക്കാർക്കു ലഭിക്കുമായിരുന്നു. ബോർഡിനു കീഴിലെ 12 കമ്പനികൾ ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് നൽകിയിരുന്നെങ്കിലും ഇങ്ങനെയൊരംഗീകാരം കൃഷിവകുപ്പു നൽകാഞ്ഞതിനാൽ തുക ലാപ്സായി. ഇതു കർഷകർക്കു മനസിലായതാണ് ബജറ്റുതുക ലഭിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ കർഷകസമരങ്ങളിൽ പതിനായിരക്കണക്കിനാളുകൾ പങ്കെടുക്കാൻ കളമൊരുക്കിയത്. ഇതൊന്നും മനസിലാക്കാതെ മുന്നോട്ടുപോകുന്നത് ജനാധിപത്യസംവിധാനത്തിൽ നിലനിൽപിനെ തന്നെ ദോഷകരമായി ബാധിക്കുമെന്ന് ഭരണക്കാരോട് ഇനി പറഞ്ഞുകൊടുക്കുകയും വേണോ?

### കാണേണ്ട ചില വസ്തുതകൾ

നാളികേര വികസന ബോർഡിനു കീഴിൽ രൂപീകരിച്ച 19 കമ്പനികൾ ഷെയറു പിരിച്ചും വായ്പ എടുത്തും നീര പ്ലാന്റുകൾ നിർമിച്ച് ഇതുവരെ ഉത്പാദിപ്പിച്ചത് 4,34,573.44 ലിറ്റർ നീരയാണ്. ഇതിലൂടെ ഈ കമ്പനികൾ 4,21,86,556 രൂപയുടെ ടേൺഓവർ നേടി. 4290 തെങ്ങിൽ നിന്നാണ് ഈ നേട്ടം എന്നു കൂടി മനസിലാക്കുമ്പോൾ സത്യസന്തമായി ചെയ്താൽ എന്താണ് നീരയുടെ സാധ്യതയെന്നറിയാൻ സാധിക്കും. 747 നീര ടെക്നീഷൻ മാരാണ് ഇതിനുവേണ്ടി നിയോഗിക്കപ്പെട്ടത്. ഇനി കർഷകനും തൊഴിലാളിക്കുമുള്ള മെച്ചം. കൊല്ലം ജില്ലയിലെ കൈപ്പുഴ ഫെഡറേഷനു കീഴിൽ നീരടെക്നീഷനായി ജോലിചെയ്യുന്ന പ്രവീണിന് വേതനമായി ലഭിച്ചത് 41000 രൂപയാണ്. ഇതേ സ്ഥലത്തെ കർഷകനായ ഫാ. ജോർജ് റിബേരോ 60 തെങ്ങിൽ നിന്ന് നീര ചെത്തിയ ഇനത്തിൽ വാങ്ങിയത് ഒരുലക്ഷത്തിഇരുപതിനായിരം രൂപയാണ്. ഇത്ര സുതാര്യമായി ഒരു സംവിധാനമൊരുക്കാൻ സംസ്ഥാനത്തിന് ഇതുവരെ കഴിഞ്ഞിട്ടുണ്ടോ? നാളികേര വികസന ബോർഡിനു കീഴിൽ നിലവിൽ 6487 സിപിഎസുകളും 365 സിപിഎഫുകളും 19 കമ്പനികളുമുണ്ട്. ഇവയിലെല്ലാമായി ലക്ഷക്കണക്കിനു കർഷകരാണ് കേരകൃഷിയിലും മൂല്യവർധിത ഉത്പന്ന നിർമാണത്തിലും ഏർപ്പെട്ടിരിക്കുന്നത്. ഇവരെ സഹായിച്ചില്ലെങ്കിലും ഉപദ്രവിക്കാതിരിക്കാനെങ്കിലും സർക്കാരിനു കടമയുണ്ട്. സുതാര്യമായി ഫണ്ടുകൾ കർഷകർക്കെത്തിക്കുന്നതിനു പകരം

ശേഷം പേജ് 47 ൽ

# നീരയുടെ കാര്യത്തിൽ വീണ്ടും വിലങ്ങ് :

പേജ് 45 തുടർച്ച

ആവശ്യമില്ലാത്ത നൂലാമാലകൾ തീർത്ത് അവ നഷ്ടപ്പെടുത്തുന്നവരെ കർഷകർ പൂവിട്ടു പൂജിക്കുമെന്ന് കരുതുന്നത് മണ്ടത്തരമാണ്. തെരഞ്ഞെടുപ്പു പരാജയ കാരണത്തിൽ എഴുതിച്ചേർക്കാൻ മനപ്പൂർവം ഒരു കാരണം കുടി ഉണ്ടാക്കുന്നതും നല്ലതല്ല.

### കൃഷിവകുപ്പ് കർഷകർക്കു പാര: കോക്കനട്ട് കൺസോർഷ്യം

കർഷകർക്കായി സംസ്ഥാന ബജറ്റിൽ നീക്കിവയ്ക്കുന്ന തുക ലാപ്സാക്കുന്ന കൃഷിവകുപ്പ് കർഷകർക്ക് പാരവയ്ക്കുകയാണെന്ന് കേരളത്തിലെ നാളികേര ഉത്പാദക കമ്പനികളുടെ കൂട്ടായ്മയായ കൺസോർഷ്യം ഓഫ് കോക്കനട്ട് പ്രൊഡ്യൂസർ കമ്പനീസ് ഇൻ കേരള ചെയർമാൻ ഷാജഹാൻ കാഞ്ഞിരവിളയിൽ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ നടന്ന യോഗതീരുമാനം കൊണ്ട് കർഷകർക്ക് പ്രത്യേക പ്രയോജനമൊന്നുമുണ്ടായിട്ടില്ല. നീരയുമായി ബന്ധപ്പെട്ട് കൃഷി, എക്സൈസ് വകുപ്പുകൾ തമ്മിലുള്ള തർക്കം തീർക്കാൻ മാത്രമേ ഇതുപകരിച്ചുള്ളൂ. കർഷകർക്കു നൽക്കാൻ ബജറ്റിൽ വകയിരുത്തിയ 30 കോടിയിൽ എട്ടുകോടി കൃഷിമന്ത്രിയുടെ കീഴിൽ രൂപീകരിക്കുന്ന കേര- നീര ബോർഡിനും ഒരു കോടി എക്സൈസ് മന്ത്രിയുടെ കീഴിൽ രൂപീകരിക്കുന്ന ടോഡി ബോർഡിനും വീതിച്ചു നൽകി, ഇവർ തമ്മിലുള്ള തർക്കം തീർത്തുകൊടുത്തു. കർഷകർക്കുള്ള തുക എപ്പോൾ നൽകുമെന്നതിനേക്കുറിച്ച് ഒരു വാക്കുപോലും പറഞ്ഞിട്ടില്ല. ആവശ്യപ്പെടുന്നവർക്ക് എല്ലാം ലൈസൻസ് നൽകുമെന്നു പറയുന്നതും ശരിയല്ല. കർഷകർ അംഗമായ ഫെഡറേഷനുകൾക്കു നൽകിയില്ലെങ്കിൽ നീരയുടെ പേരിൽ കള്ളുത്പാദനം നടക്കും. കൃഷിമന്ത്രിക്ക് ഇതിനേക്കുറിച്ചൊന്നും ഒരു ഗ്രാഹ്യവുമില്ല. കഴിഞ്ഞ ബജറ്റിൽ കർഷകർക്കായി വിലയിരുത്തിയ 15 കോടിക്കായി 10 കമ്പനികൾ പ്രോജക്ട് റിപ്പോർട്ട് നൽകിയിരുന്നു. എന്നാൽ ഇത് അനുവദിക്കാൻ ഭരാണാനുമതി നൽകാൻ കൃഷിവകുപ്പു തയാറായില്ല. മാർച്ചുവരെ ഇതിനായി സെക്രട്ടറിയേറ്റിൽ കയറിയിറങ്ങിയെങ്കിലും ഫലമുണ്ടായില്ല. ഫെബ്രുവരി 26ന് കൈപ്പുഴ പ്ലാന്റിന്റെ ഉദ്ഘാടനത്തിനെത്തിയ മുഖ്യമന്ത്രി മൂന്നു ദിവസത്തിനകം തുക തരാമെന്നു പറഞ്ഞെങ്കിലും നടപടിഒന്നും നീങ്ങിയില്ല. ഇതിനു ശേഷം 18 തവണ താൻ മുഖ്യമന്ത്രിയെക്കണ്ടു. ബജറ്റിലെ 30 കോടിയിൽ 10 കോടി കമ്പനികൾക്ക് സബ്സിഡിയായും 10 കോടി 25000 നീരടെക്നീഷൻമാരെ പരിശീലിപ്പിക്കുന്നതിനും 10 കോടി ഷെയർമൂലധനത്തിന്റെ നാലിലൊരു ഭാഗമായും നൽകാനാണ് നിശ്ചയിച്ചിരുന്നത്. കഴിഞ്ഞ 18 മുതൽ കേരകർഷകർ സെക്രട്ടറിയേറ്റിൽ നിരാഹാരം ആരംഭിക്കാനിരുന്നതാണ്. ഇതുവേണ്ടന്നും താൻ പരിഹാരമുണ്ടാക്കിത്തരാമെന്നും മുഖ്യമന്ത്രി പറഞ്ഞതിനാൽ സമരം മാറ്റി. പരിഹാരം മാത്രം ഉണ്ടായില്ലെന്നും ഷാജഹാൻ പറഞ്ഞു.